# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.10.03.2020

### വനം കായികമേള: 110 മെഡലുകളുമായി കേരളം മൂന്നാം സ്ഥാനത്ത്

ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന 25-ാംമത് ദേശീയ വനം കായികമേളയിൽ 110 മെഡലുകൾ നേടി കേരളം മൂന്നാം സ്ഥാനം കരസ്ഥമാക്കി. 30 സ്വർണ്ണം, 26 വെള്ളി, 30 വെങ്കലം 24 നാലാംസ്ഥാനം എന്നിവയുൾപ്പെടെ 311 പോയിന്റുകളാണ് കേരളം നേടിയത്. നിലവിലെ ചാമ്പ്യൻമാരായ ഛത്തീസ്ഗഡ് 461 പോയിന്റുമായി ഒന്നാം സ്ഥാനവും 450 പോയിന്റുമായി കർണ്ണാടക രണ്ടാം സ്ഥാനവും നേടി. മധ്യപ്രദേശിനാണ് നാലാംസ്ഥാനം.

ഫുഡ്ബോളിൽ സ്വർണ്ണവും, ക്രിക്കറ്റ്, വോളിബോൾ എന്നീ ഇനങ്ങളിൽ മികച്ച പ്രകടനവുമാണ് കേരളം കാഴ്ചവച്ചത്. വനിതാ ഓപ്പൺ വിഭാഗത്തിൽ അനുരാഘവൻ വ്യക്തിഗത ചാമ്പ്യനായി. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് 200ലധികം കായികതാരങ്ങൾ പങ്കെടുത്തപ്പോൾ 110 കായികതാരങ്ങളെ പങ്കെടുപ്പിച്ചാണ് കേരളം അഭിമാനാർഹമായ വിജയം കാഴ്ചവച്ചത്.

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള 33 ടീമുകളിലെ 2208 കായികതാരങ്ങളാണ് വനം കായികമേള യിൽ മാറ്റുരയ്ക്കാൻ എത്തിയത്. കലിംഗ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന കായിക മേള ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക്കാണ് ഉദ്ഘാടനം ചെയ്തത്. മികച്ച പ്രകടനം കാഴ്ചവച്ച കേരള ടീം അംഗങ്ങളെ അഭിനന്ദിക്കാൻ ചീഫ് വൈൽഡ്ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, കേരള ടീം മാനേജർ ടി .സിദ്ദിഖ്, ഡെപ്യൂട്ടി കൺസർവേറ്റർമാരായ സുജിത്ത്, വിനയൻ, സ്റ്റേറ്റ് വനം സ്പോർട് ഓഫീസർ ശിവപ്രസാദ് എന്നിവർ ഭുവനേശ്വറിൽ എത്തിയിരുന്നു.

10/3/2013

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ